/

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5219          24.10.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി ബസ് യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

ചോദ്യം          ഉത്തരം

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തിവരുന്ന റൂട്ടുകളിൽ കൃത്യമായി ബസുകൾ ഓടിക്കാത്തതു കാരണം യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | കെ.എസ്.ആർ.ടി.സി.ക്ക് 5311 ഷെഡ്യൂൾ നടത്താൻ അനുവാദം കൊടുത്തിട്ടുള്ളതിൽ പ്രതിദിനം ശരാശരി 4700 നും 4800 നും ഇടയ്ക്ക് ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ചില ദിവസങ്ങളിൽ 4900 നും 5000 ത്തിനും ഇടയ്ക്കുവരെ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാറുണ്ട്. വരുമാന കുറവുള്ള 540 ഷെഡ്യൂളുകൾ യാത്രക്കാർക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി. യ്ക്ക് ലാഭകരമായും നടത്തുന്നതിലേയ്ക്കായി ഇതിനകം തന്നെ പുന:ക്രമീകരിച്ച് കഴിഞ്ഞിട്ടുണ്ട്. തൻമൂലം കെ.എസ്.ആർ.ടി.സി ക്ക് വരുമാന വർദ്ധനവും യാത്രക്കാർക്ക് പ്രയോജനകരവുമാകുന്നതായിട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. അനുവാദം നൽകിയ ഷെഡ്യൂളുകളിൽ ഏതാണ്ട് 400 ഓളം ഷെഡ്യൂളുകൾ തീരെ വരുമാനം കുറവുള്ള ഡി പൂളിൽപ്പെടുത്തിയിട്ടുള്ളവയാണ്. ഇവ കൂടി ഓപ്പറേറ്റ് ചെയ്യുന്നത് കൊണ്ട് യാത്രക്കാർക്ക് ഗുണമുണ്ടാവുകയില്ല എന്നു മാത്രമല്ല കെ.എസ്.ആർ.ടി.സി. യ്ക്ക് വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാരുടെ നിയമനം ഏതാണ്ട് പൂർത്തിയായ സ്ഥിതിക്ക് ഡ്രൈവർമാരുടെ കുറവുമൂലമുള്ള ക്യാൻസലേഷൻ തീരെ ഇല്ലായെന്നുതന്നെ പറയാം. ഈ സാഹചര്യത്തിൽ റൂട്ട് ക്യാൻസലേഷൻ പരമാവധി ഒഴിവാക്കാൻ കഴിയുന്നതു കാരണം യാത്രക്കാർക്ക് കാര്യമായ യാത്രാക്ലേശം ഒട്ടും തന്നെയില്ലായെന്ന് സർക്കാർ കരുതുന്നു. |

സെക്ഷൻ ഓഫീസർ